# കൊല്ലം ജില്ലാപഞ്ചായത്ത്

**തേവള്ളി പി.ഒ., കൊല്ലം-9. ഫോൺ : 2795198, 2793446, ഫാക്സ് : 0474-2795198 (216)**

e-mail : *dpklam@gmail.com*


പ്രസിദ്ധീകരണത്തിന് 08/06/2017

## ആരോഗ്യ കേരളം പുരസ്കാരം വീണ്ടും കൊല്ലം ജില്ലാ പഞ്ചായത്തിന്

ജില്ലയിലെ ആരോഗ്യ മേഖലയിൽ നടപ്പാക്കിയ നൂതനവും മികവുറ്റതുമായ പ്രവർത്തനങ്ങൾക്ക് അംഗീകാരമായി ജില്ലാ പഞ്ചായത്തിന് വീണ്ടും സംസ്ഥാന സർക്കാരിന്റെ ആരോഗ്യ കേരള പുരസ്കാരം. 2015-16 വർഷത്തിൽ ആരോഗ്യ മേഖലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങളാണ് ജില്ലാ പഞ്ചായത്തിനെ അവാർഡിന് അർഹമാക്കിയത്. 2015-16 വർഷത്തെ ഏറ്റവും മികച്ച ജില്ലാ പഞ്ചായത്തിനുള്ള സംസ്ഥാന സർക്കാരിന്റെ സ്വരാജ് ട്രോഫിയും കൊല്ലം ജില്ലാ പഞ്ചായത്തിനാണ് ലഭിച്ചത്.

കൊല്ലം ജില്ലാ ആശുപത്രി, ഗവ. വിക്ടോറിയ ആശുപത്രി, ജില്ലാ ആയുർവ്വേദ ആശുപത്രി, ജില്ലാ ഹോമിയോ ആശുപത്രി എന്നിവിടങ്ങളെ കേന്ദ്രീകരിച്ചാണ് ജില്ലാ പഞ്ചായത്ത് വിവിധ ആരോഗ്യ പദ്ധതികൾക്ക് രൂപം നൽകിയതും നടപ്പാക്കിയതും. സംസ്ഥാന സർക്കാർ നിയോഗിച്ച മെഡിക്കൽ ഓഫീസർമാരുടേയും, മറ്റ് ഉദ്യോഗസ്ഥരുടേയും പ്രത്യേക പരിശോധനാ സംഘം ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡ് നിർണ്ണയിച്ചത്. 2015-16 കാലയളവിൽ 25 പദ്ധതികളാണ് ആരോഗ്യ മേഖലയിൽ കൊല്ലം ജില്ലാ പഞ്ചായത്ത് നടപ്പാക്കിയത്. 14 കോടി രൂപ ആരോഗ്യ മേഖലയിലെ പദ്ധതികൾക്കായി മാത്രം നീക്കി വയ്ക്കുകയും ഇതിന്റെ 98 ശതമാനത്തോളം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലാ ആശുപത്രിയിൽ നടപ്പാക്കിയ ഡയാലിസ് സെന്റർ, എം.ആർ.ഐ സ്കാനിംഗ് മെഷിൻ, വിക്ടോറിയ ആശുപത്രിയിൽ നടപ്പാക്കിയ സ്വപ്നച്ചിറക് , വന്ധ്യതാ നിവാരണ ക്ലിനിക്ക്, ഓട്ടിസം ബാധിച്ച കുട്ടികളുടെ പുനരധിവാസം, ജില്ലാ ഹോമിയോ ആശുപത്രിയിൽ നടപ്പാക്കിയ തൈറോയിഡ് ഗവേഷണ കേന്ദ്രം, പെയിൻ & പാലിയേറ്റീവ്, ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ സ്ഥാപിച്ച ധാന്യാമ്ല പ്ലാന്റ്, കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിൽ നടപ്പാക്കിയ ഗർഭിണികളും മുലയൂട്ടുന്നതുമായ ആദിവാസി അമ്മമാർക്ക് പോഷകാഹാര വിതരണം, പട്ടിക ജാതി കോളനികളിൽ ക്യാൻസർ പരിശോധന ക്യാമ്പ്, അഗതികളും നിത്യ രോഗികളുമായ ആദിവാസികൾക്ക് പോഷകാഹാരം, ജില്ലയിലെ എച്ച്.ഐ.വി ബാധിതർക്ക് നടപ്പാക്കി വരുന്ന പോഷകാഹാര വിതരണം തുടങ്ങിയ പദ്ധതികൾ അവാർഡ് നിർണ്ണയ സമിതിയുടെ പ്രശംസ പിടിച്ചു പറ്റിയ ഏതാനും പദ്ധതികളാണ്.

2017 ജൂൺ 12 - ാം തീയതി വൈകിട്ട് 5 മണിക്ക് ആരോഗ്യവും സാമൂഹ്യ നീതി വകുപ്പ് മന്ത്രി ശ്രീമതി ഷൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന പുരസ്കാര വിതരണ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡ് വിതരണം ചെയ്യുന്നതാണ്.

ഈ നേട്ടം കരസ്ഥമാക്കുന്നതിന് ജില്ലാ പഞ്ചായത്തിനെ അർഹമാക്കിയ ജില്ലയിലെ ആരോഗ്യം, ഹോമിയോ, ആയുർവേദം വിഭാഗങ്ങളിലെ മെഡിക്കൽ ഓഫീസർമാർ, ആരോഗ്യ കേരള മിഷൻ, ജില്ലാ ആശുപത്രി, വിക്ടോറിയ ആശുപത്രി, ജില്ലാ ഹോമിയോ ആശുപത്രി, ജില്ലാ ആയുർവേദ ആശുപത്രി എന്നിവിടങ്ങളിലെ സൂപ്രണ്ടുമാർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി തുടങ്ങിയ എല്ലാ ജീവനക്കാർക്കുമുള്ള അനുമോദനങ്ങൾ അറിയിക്കുന്നതായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജഗദമ്മ ടീച്ചർ അറിയിച്ചു.

(ഒപ്പ്)
**സെക്രട്ടറി**